**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ. 3629**
**23.08.2017- ലെ മറുപടിക്ക്**

**തനതു വരുമാന വളർച്ചയ്ക്ക് കർമ്മപദ്ധതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ടി. ബൽറാം എം.എൽ.എ<br>ശ്രീ. കെ.എസ്. ശബരീനാഥൻ എം.എൽ.എ<br>ശ്രീ. സണ്ണി ജോസഫ് എം.എൽ.എ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ | | ഡോ.ടി.എം.തോമസ് ഐസക്<br>ധനകാര്യവും കയറും വകുപ്പ് മന്ത്രി |
| (എ) | തനതു വരുമാന വളർച്ച വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം കർമ്മപദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്നു വ്യക്തമാക്കുമോ ; | തനതു വരുമാനം വർദ്ധിപ്പിക്കുന്നതിന് ധനകാര്യ (വിഭവം) സെക്രട്ടറി, പ്രധാന വകുപ്പ് ഉദ്യോഗസ്ഥരുടെ പ്രതിമാസ അവലോകനയോഗം വിളിച്ച് ചേർക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകി വരുകയും ചെയ്യുന്നു. പ്രധാന ധനസമാഹരണ വകുപ്പുകളുമായി ബന്ധപ്പെട്ട് താഴെപറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:<br><br>__രജിസ്ട്രേഷൻ വകുപ്പ്__<br>(i) 01.01.1986 മുതൽ 31.03.2010 വരെ കുടിശ്ശികയുണ്ടായിരുന്ന അണ്ടർ വാല്യുവേഷൻ കേസുകൾ തീർപ്പാക്കുന്നതിനായി G.O (P) No. 74/2016/TD ഉത്തരവ് പ്രകാരവും, ഫ്ലാറ്റുകളുടെ അണ്ടർവാല്യുവേഷൻ കുടിശ്ശിക തീർപ്പാക്കുവാൻ G.O (P) No. 75/2016/TD ഉത്തരവ് പ്രകാരവും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിൽ വരുത്തി.<br>(ii) ഫ്ലാറ്റുകളുടെ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട റവന്യൂ നഷ്ടം തടയുന്നതിനായി Central PWD മാനദണ്ഡപ്രകാരമുള്ള വില നിർണ്ണയത്തിനായി കേരള മുദ്രപത്ര |
| (സി) | ഇതിനായി എന്തെല്ലാം ആസൂത്രണ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | |

നിയമത്തിൽ 28B എന്ന പുതിയ സെക്ഷൻ കൂട്ടിച്ചേർത്തു.

എക്സൈസ് വകുപ്പ്

(i) എക്സൈസ് വകുപ്പിന്റെ പ്രധാന വരുമാന സ്രോതസ്സ് ഇൻഡ്യൻ നിർമ്മിത വിദേശമദ്യത്തിന്റെ മേൽ ചുമത്തപ്പെടുന്ന എക്സൈസ് ഡ്യൂട്ടിയാണ്. ഇത്തരത്തിലുള്ള വരുമാനം വിദേശ മദ്യ വിൽപനയുമായി നേരിട്ട് ബന്ധപ്പെട്ടിരിക്കുന്നു. മദ്യവർജ്ജനം വഴി മദ്യത്തിന്റെ ഉപഭോഗം ഘട്ടം ഘട്ടമായി കുറച്ചുകൊണ്ട് വരികയാണ് സർക്കാരിന്റെ പ്രഖ്യാപിത നിലപാട്. ആയതിനാൽ മദ്യ വില്പനയിൽ വർദ്ധനവു വരുത്തി വരുമാനത്തിന്റെ വളർച്ചാ നിരക്ക് കൂട്ടുന്നതിനുള്ള നടപടി സർക്കാർ ഉദ്ദേശിക്കുന്നില്ല.

വാണിജ്യ നികുതി വകുപ്പ്

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്ക്രൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു
3. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയും വേഗം തീർപ്പാക്കുന്നതിന് നടപടി സ്വീകരിച്ചു
4. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.
5. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.
6. നികുതി ചോർച്ച നടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു
7. ഓഡിറ്റ് വിസിറ്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

| | | |
|---|---|---|
| | | 8. 60 ലക്ഷം രൂപയേക്കാൾ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.<br>9. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷൻ എടുത്തിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുന്നതിനായി തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് & ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽ നിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചു.<br>10. ദീർഘ കാലമായുള്ള നികുതി കടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.<br>11. അന്തർ സംസ്ഥാന വില്പനയുടെ കാര്യത്തിൽ "സി" ഫോം വെരിഫിക്കേഷനുവേണ്ടി ഒരു പ്രത്യേക ടീമിനെ നിയോഗിച്ച് പരിശോധന നടത്തുകയും വ്യാജ ഫോമുകൾ കണ്ടെത്തുന്ന കേസുകളിൽ ഉയർന്ന നിരക്കിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>12. ജി.എസ്.റ്റി നികുതി സമ്പ്രദായം നടപ്പിലാകുന്നതിനായുള്ള ഭരണഘടനാഭേദഗതി നടപ്പിലായതിനുശേഷം ജി.എസ്.റ്റി സംസ്ഥാനത്തിന് അനുഗുണമാക്കി മാറ്റുന്നതിനുള്ള കർശന നിലപാട് കൗൺസിലിൽ സ്വീകരിച്ചു.<br>ചരക്കു സേവന നികുതി സമ്പ്രദായം കാര്യക്ഷമമായി നടപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിലൂടെ എന്തെല്ലാം ലക്ഷ്യങ്ങൾ കൈവരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | അധികവിഭവ സമാഹരണം ലക്ഷ്യമിട്ടാണ് മേൽ നടപടികൾ സ്വീകരിച്ചിട്ടുള്ളത്. |

| | | |
|---|---|---|
| (ഡി) | നോട്ടു നിരോധനത്തിന്റെ മാന്ദ്യത്തിലും തനതു നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ? | 2016-17 സാമ്പത്തിക വർഷത്തെ കണക്കുകൾ അക്കൗണ്ടന്റ് ജനറൽ പൂർണ്ണമായും പുറപ്പെടുവിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ നോട്ട് അസാധുവാക്കൽ സംസ്ഥാനത്തിന്റെ പ്രതീക്ഷിത തനത് നികുതി വരുമാന വളർച്ചയെ എത്രത്തോളം ബാധിച്ചുവെന്ന് കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. എന്നാൽ അക്കൗണ്ടന്റ് ജനറൽ പുറപ്പെടുവിച്ച 2017 ഫെബ്രുവരി വരെയുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ തനത് നികുതി വരുമാനത്തിൽ 2016 ഫെബ്രുവരി വരെയുള്ള കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ 9.58% വർദ്ധനവ് ഉണ്ടായിട്ടുണ്ട്. |

**അക്കൗണ്ട്സ് ഓഫീസർ**